(ബി) കരാർ പുതുക്കുന്നതിനും കേരളത്തിന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുന്നതിനും ആലോചിച്ചിട്ടുണ്ടോ ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എ.പി. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലവിഹിതം ലഭ്യമാക്കുന്നതിന് വകുപ്പുതലത്തിലും സർക്കാർ തലത്തിലും സമയോചിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കരാർ പുതുക്കുവാൻ പി.എ.പി. കരാറിൽ പ്രത്യേകം വ്യവസ്ഥയില്ല. എന്നാൽ ഓരോ മൂപ്പത് വർഷം കൂടുമ്പോൾ കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാവുന്നതാണ്. കരാർ പുനരവലോകനം ചെയ്യുന്നതിന്റെ ഭാഗമായി നടന്നിട്ടുള്ള ചർച്ചകളിൽ കൂടുതൽ ജലം ലഭ്യമാക്കുന്നതിന് ശക്തമായ നിലപാടുകൾ കേരളം സ്വീകരിച്ചിരുന്നു. ഇടർന്നും ഇതേ സമീപനം കൈക്കൊണ്ടുതന്നെ പരമാവധി ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക്ഡാമുകൾ

116 (8176) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ അച്ചൻകോവിലാറിലും കോട്ടത്തോടിലും ചെക്ക്ഡാം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത രണ്ട് ചെക്ക്ഡാമുകളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ചെക്ക്ഡാം നിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ചെക്ക്ഡാമുകളുടെ നിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ഉണ്ട്. ചെന്നിത്തല പള്ളിയോടം എൻ.എസ്.എസ്. കരയോഗം നമ്പർ 93 ചെന്നിത്തല സൗത്ത് പി.ഒ., മാവേലിക്കരയും, ഭക്തജനങ്ങളും, നാട്ടുകാരും മാവേലിക്കര മണ്ഡപത്തിൻകടവിനുസമീപം അച്ചൻ കോവിലാറിനു കുറുകെ (കോട്ടത്തോട്) നിർമ്മിക്കാനുദ്ദേശിക്കുന്ന ചെക്ക്ഡാം നിർമ്മാണം തടയണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്തജനങ്ങളുടെയും പള്ളിയോട കമ്മിറ്റി മുതലായവരുടെയും തടസ്സങ്ങൾ മാറിക്കിട്ടിയാൽ ചെക്ക് ഡാമിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

കൊടുവള്ളി മണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജുകൾ

117 (8177) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജകമണ്ഡലത്തിൽ എത്ര റെഗുലേറ്റർ-കം-ബ്രിഡ്ജുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) അനുമതി നൽകിയ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) കൊടുവള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട കളരാന്തിരിയിൽ ആർ.സി.ബി. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജുകൾക്ക് അനുമതി നൽകിയിട്ടില്ല.

(സി) കൊടുവള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട കളരാന്തിരിയിൽ സ്രാമ്പിക്കൽ കടവിൽ ചെക്ക്ഡാം പണിയുന്നതിനായി 95 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതിന് ഭരണാനുമതി നൽകിയിട്ടില്ല.

കുറ്റ്യാടി മൈനർ ഇറിഗേഷൻ കനാലിന് കുറുകെ പാലം

118 (8178) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഓർക്കാട്ടേരിയിൽ കുറ്റ്യാടി മൈനർ ഇറിഗേഷൻ കനാലിന് കുറുകെ സ്വന്തം ചെലവിൽ ഒരു പാലം നിർമ്മിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly